**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 292 — 07-10-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. കെ. ആൻസലൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | വിവിധ നിബന്ധനകൾ ഏർപ്പെടുത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബ്ബല പ്പെടുത്തുവാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുന്നത് സംസ്ഥാനത്ത് ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാ ക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശങ്ങളും നിബന്ധനകളുമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. പദ്ധതി ദുർബ്ബലപ്പെടുത്താനുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളതായി ശ്രദ്ധ നിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളെ അടിസ്ഥാനപ്പെടുത്തി യാണ് ഫണ്ട് അനുവ ദിക്കുന്നതെന്ന തിനാൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നത് വിപുലപ്പെടുത്താൻ ഉദ്ദേശിച്ച രൂപപ്പെടുത്തുന്ന പരിപാടി കൾ അറിയി ക്കാമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. സംസ്ഥാന സർക്കാർ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പി ക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ ലേബർ ബഡ്ജറ്റ് പരിശോധിച്ച് അംഗീകരിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിന് അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്കധിഷ്ഠി തമായാണ് ഫണ്ട് അനുവദിക്കുന്നത്. പദ്ധതി പ്രവർത്തന ത്തിന്റെ ഭാഗമായി മാസാമാസം ലക്ഷ്യമിട്ടിട്ടുള്ള തൊഴിൽ ദിനങ്ങൾ 100 ശതമാനത്തിൽ അധികരിക്കുന്ന മുറയ്ക്ക് സംസ്ഥാനങ്ങൾക്ക് അംഗീകരിച്ച് നൽകിയ ലേബർ ബഡ്ജറ്റ് പുതുക്കി നൽകുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കാവു ന്നതാണ്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി പ്രവർത്ത നങ്ങൾ വിപുലീകരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ച് അതുവഴി കൂടുതൽ ഫണ്ട് ലഭിക്കു ന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ക്രിയാത്മ കമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയി ട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് നൽകിയിട്ടുള്ള സംഭാവ നകൾ വിലയിരുത്തുന്നതിനായുള്ള പഠനങ്ങൾ എല്ലാ ജില്ല കളിലും ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട്, വയനാട്, ഇടുക്കി, കാസറഗോഡ് എന്നീ ജില്ലകളിലെ പദ്ധതി പ്രവർത്ത നങ്ങൾ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് വിലയിരുത്തുകയും പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ പ്രവർത്തനങ്ങളുടെ പഠന റിപ്പോർട്ട് സംസ്ഥാന തൊഴിലുറപ്പ് മിഷന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ